# മഴവില്ലാണോ നിന്നമ്മ!



പൂവുകൾ തെണ്ടും പൂമ്പാറ്റ
പൂമ്പൊടി പൂശും പൂമ്പാറ്റ

പൂന്തേനുണ്ണും പൂമ്പാറ്റ
പൂവിൽ മയങ്ങും പൂമ്പാറ്റ!

എന്തു വെളിച്ചം പൂമ്പാറ്റേ!
എന്തു തെളിച്ചം പൂമ്പാറ്റേ!

മുങ്ങാം പൊങ്ങാം കുളിർനിഴലിൽ,
നീന്താം മറിയാം പൊൻവെയിലിൽ!

ഒന്നു തൊടട്ടേ നിൻ ചിറകിൽ?
നിന്നുതരാമോ നീയരികിൽ?

മഴവില്ലാണോ നിന്നമ്മ!
തരുമോ നീയൊരു കുഞ്ഞുമ്മ?

ജി. ശങ്കരക്കുറുപ്പ്
(ജി.യുടെ കുട്ടിക്കവിതകൾ







# തെനാലിരാമന്റെ മാന്ത്രികവിദ്യ

ഒരിക്കൽ കൃഷ്ണദേവരായ രാജാവിന്റെ ദർബാറിൽ ഉത്തരേന്ത്യയിൽനിന്നു വന്ന ഒരു മാന്ത്രികൻ പല ജാലവിദ്യകളും കാണിച്ചു. തന്റെ തല ദേഹത്തിൽനിന്നു വെട്ടിമാറ്റുന്ന അത്ഭുത ജാലവിദ്യയും അയാൾ കാണിച്ചു. എന്നിട്ട്, വിജയനഗരത്തിൽ തന്നെ വെല്ലാനൊരു മാന്ത്രികനുണ്ടോ എന്ന് രാജാവിനോടു ചോദിച്ചു. കൃഷ്ണദേവരായർക്കു വലിയ നാണക്കേടായി. അപ്പോഴാണ് കൊട്ടാരം വിദൂഷകനായ തെനാലിരാമൻ മുന്നോട്ടു വന്നത്.

രാമൻ മാന്ത്രികനോടു ചോദിച്ചു: “ഞാൻ കണ്ണടച്ചു കാണിക്കുന്ന ജാലവിദ്യ നിങ്ങൾ കണ്ണുതുറന്നുപിടിച്ചു ചെയ്യാമോ?” മാന്ത്രികൻ ചിരിച്ചു. കണ്ണടച്ചു ചെയ്യുന്നതിനെക്കാൾ എളുപ്പമായിരിക്കുമല്ലോ കണ്ണു തുറന്നു ചെയ്യുന്നത് എന്നോർത്ത് അയാൾ ആ വെല്ലുവിളി സ്വീകരിച്ചു.

തെനാലിരാമൻ ഒരുപിടി മുളകുപൊടി എടുത്തു കണ്ണടച്ചു മുഖത്തിട്ടു. കുറച്ചു നേരം കഴിഞ്ഞ് അതു തട്ടിക്കളഞ്ഞു കണ്ണു തുറന്നു. അതു തന്നെ കണ്ണു തുറന്നുപിടിച്ചു ചെയ്യാൻ തെനാലിരാമൻ മാന്ത്രികനെ ക്ഷണിച്ചു. മാന്ത്രികൻ പരുങ്ങലിലായി. സദസ്യർ അയാളെ കൂവി. അയാൾ തലയും താഴ്ത്തി വിജയനഗരം വിട്ടു. രാജാവ് സന്തോഷിച്ച് രാമന് ഒരു കിഴി സ്വർണനാണയങ്ങൾ നല്കി.



**പുനരാഖ്യാനം: അഷിത**

*(365 കുഞ്ഞുകഥകൾ)*





പാഠം 5

# മാവേലി നാടുവാണീടും കാലം

മാവേലി നാടുവാണീടും കാലം
മാനുഷരെല്ലാരുമൊന്നുപോലെ
ആമോദത്തോടെ വസിക്കും കാലം
ആപത്തങ്ങാർക്കുമൊട്ടില്ലതാനും
ആധികൾ വ്യാധികളൊന്നുമില്ല
ബാലമരണങ്ങൾ കേൾപ്പാനില്ല
കള്ളവുമില്ല ചതിയുമില്ല
എള്ളോളമില്ല പൊളിവചനം
വെള്ളിക്കോലാദികൾ നാഴികളു-
മെല്ലാം കണക്കിനു തുല്യമായി
കള്ളപ്പറയും ചെറുനാഴിയും
കള്ളത്തരങ്ങൾ മറ്റൊന്നുമില്ല.



# അമ്മയ്ക്കെന്തൊരു ഭംഗി!



എന്നും കാലത്തമ്മേ,
അമ്മയ്ക്കെന്തൊരു മേളം!
അച്ഛനു കാപ്പിയൊരുക്കാൻ,
കൊച്ചനിയത്തിയെ നോക്കാൻ,
ചോറും കറിയും വെയ്ക്കാൻ,
നൂറു തിരക്കുകൾ തീർക്കാൻ,
കുഞ്ഞിനു പാലു കൊടുക്കാൻ,
എന്നെയൊരുക്കിയയയ്ക്കാൻ,
എന്തു തിടുക്കം ബഹളം!
എന്തൊരടുക്കളമേളം!
ഒന്നു കുളിക്കാൻപോലും,
അമ്മയ്ക്കില്ലാ നേരം!
എങ്കിലുമെങ്കിലുമമ്മേ,
സഞ്ചിയുമായ് ഞാൻ പോകെ,
എന്നുടെ നെറ്റിയിലുമ്മതരുന്നോ—
രമ്മയ്ക്കെന്തൊരു ഭംഗി!

സുഗതകുമാരി
(വാഴത്തേൻ)





ആലിബാബ എന്നൊരു പാവം മരംവെട്ടുകാരനുണ്ടായിരുന്നു. കാട്ടിലെ ഉണ ങ്ങിയ മരങ്ങൾ വെട്ടി വിറകാക്കി ചന്തയിൽ കൊടുത്താണ് അയാൾ കുടുംബത്തെ പോറ്റിയിരുന്നത്. ഒരുദിവസം ആലിബാബ വിറകുശേഖരിക്കാൻ കാട്ടിലെത്തിയപ്പോ ഒരു കാഴ്ച കണ്ടു, കുറെയാളുകൾ വലിയ ഭാണ്ഡങ്ങളുമായി ഒരു പാറക്കെട്ടിനുമ ന്നിൽ നില്ക്കുന്നു. എണ്ണം നോക്കിയപ്പോൾ അവർ നാല്പതുപേരുണ്ടെന്ന് മനസ്സില യി. അവരെല്ലാംകൂടി എന്തിനോ ഉള്ള പരിശ്രമത്തിലാണെന്ന് ആലിബാബയ്ക്ക് മ സ്സിലായി.

അയാൾ കുറെക്കൂടി അടുത്തുചെന്നു. അവർ നാല്പതുപേരുംകൂടി കാട്ടിലെ പാറക്കെട്ടിനു മുന്നിൽനിന്ന് "തുറക്ക് സീസം" എന്നു പറയുന്നതു കണ്ടു. അതോടെ പാറ ഒരു വശത്തേക്കു നീങ്ങി ഒരു ഗുഹ കാണാറായി. അവർ ഉള്ളിലേക്കു കടന്ന "അടയ്ക്ക് സീസം" എന്നു പറഞ്ഞപ്പോൾ പാറ യഥാസ്ഥാനത്തേക്കു വര കയുംചെയ്തു. കുറച്ചു കഴിഞ്ഞപ്പോൾ അവർ കൊണ്ടുവന്ന ചാക്കുകളും പെട്ടികളു

അകത്തിട്ട് പുറത്തേക്കു വരികയുംചെയ്തു. ഇക്കൂട്ടർ കള്ളന്മാരാണെന്നും കൊള്ളമുതൽ ആരും കാണാതെ കൊണ്ടുവെച്ചതാണെന്നും അയാൾക്കു മനസ്സിലായി. അവർ പോയപ്പോൾ ആലിബാബ "തുറക്ക് സീസം" എന്നു പറഞ്ഞ് ഉള്ളിൽ കയറി ഒരു ചാക്കു നിറയെ സ്വർണവുമായി പുറത്തു കടന്ന് വീട്ടിലെത്തി. അതെല്ലാം തന്റെ മൂത്ത സഹോദരനെ കാണിച്ചു. ഒരു ചാക്കല്ലേ കിട്ടിയുള്ളൂ, താൻ പോയി നിരവധി ചാക്കുകൾ കൊണ്ടുവരാമെന്നായി സഹോദരൻ. ആലിബാബ വിലക്കിയിട്ടും അതു കേൾക്കാതെ പോയ സഹോദരനെ കള്ളന്മാർ പിടികൂടി പൊതിരെ തല്ലി. "തുറക്ക് സീസം" എന്നു പറയാനെങ്ങനെ അറിഞ്ഞു എന്നു ചോദിച്ചപ്പോൾ സഹോദരനായ ആലിബാബ പറഞ്ഞുതന്നതാണെന്നു പറഞ്ഞു. അവർ അയാളെ അവിടെ അടച്ചിട്ടു.

കള്ളന്മാരുടെ നേതാവ് അനുയായികളോടൊപ്പം ആലിബാബയെ അന്വേഷിച്ചുപോയി. അയാൾ ആലിബാബയുടെ വീട്ടിൽ എണ്ണക്കച്ചവടക്കാരന്റെ വേഷത്ത ലാണ് ചെന്നത്. അയാളുടെ ഒപ്പം നിരവധി കഴുതകളും അവയുടെ പുറത്ത് അനവധ ഭരണികളും ഉണ്ടായിരുന്നു. ആലിബാബയോട് ഒരു ദിവസം അവിടെ തങ്ങാനുള സൗകര്യം ഉണ്ടാകുമോ എന്ന് നേതാവ് അന്വേഷിച്ചു. ആലിബാബ സമ്മതിച്ചു.

ആലിബാബയ്ക്ക് ഒരു ജോലിക്കാരിയുണ്ടായിരുന്നു—മാർജിയാന. നേതാ ഭരണികൾ ഇറക്കിവെക്കുമ്പോൾ ഭരണികളിലേക്കുനോക്കി സംസാരിക്കുന്നത് മാർ യാന കണ്ടു. മാർജിയാനയ്ക്കു സംശയമായി. കള്ളന്മാരുടെ നേതാവ് ആലിബാബ മായി സംസാരിച്ചിരിക്കുമ്പോൾ മാർജിയാന ഭരണികളിൽ കള്ളന്മാരാണെന്നു ക പിടിച്ച് ഭരണികളിലെല്ലാം തിളച്ച എണ്ണയൊഴിച്ചു. കള്ളന്മാർ മരിച്ചുപോയി. അത ശേഷം ആലിബാബയോടു വിവരം പറഞ്ഞു. നേതാവ് ഓടി രക്ഷപ്പെടാൻനോക്കി ങ്കിലും ആലിബാബ അയാളെ പിടികൂടി ഗുഹയിലേക്കു കൊണ്ടുപോയി സ്വന്തം സ ദരനെ മോചിപ്പിച്ചു. മോഷണമുതലെല്ലാം അവയുടെ ഉടമസ്ഥർക്കു മടക്കിന കയുംചെയ്തു.

